**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1259** **14-03-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ ടൂറിസം മേഖലയ്ക്ക് പ്രത്യേക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധി മൂലം തകർന്ന കുട്ടനാടൻ കായൽ ടൂറിസം മേഖലയെ സഹായിക്കുവാൻ ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കുട്ടനാടൻ കായൽ വിനോദ സഞ്ചാര മേഖലയ്ക്കു മാത്രമായി പ്രത്യേക പാക്കേജ് പരിഗണനയിലില്ല. |
| (ബി) | ഹൗസ്ബോട്ട് ഉടമകളും തൊഴിലാളികളും നേരിടുന്ന വലിയ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ‘കോവിഡ്’ മഹാമാരി മൂലം നിശ്ചലാവസ്ഥയിലായ വിനോദ സഞ്ചാര മേഖലയെ പുനരുജ്ജീവിപ്പിക്കാനായി വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഹൗസ് ബോട്ടുകൾക്കായി ‘ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം’ എന്ന ഒറ്റത്തവണ ധനസഹായ പദ്ധതി നിലവിലുണ്ട്. പദ്ധതി പ്രകാരം വിവിധ വിഭാഗത്തിൽപെട്ട ഹൗസ് ബോട്ടുകൾക്ക് 80,000 മുതൽ 1.20 ലക്ഷം രൂപ വരെയാണ് ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നത്. ഇതിനോടകം 373 അപേക്ഷകർക്ക് ധനസഹായം അനുവദിക്കുകയും 309 പേർക്ക് തുക കൈമാറുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ